# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1295 07.06.2018 ൽ മറുപടിക്ക്**

**പാലപ്പുറം കതിരവഴി പാലം നിർമ്മാണം**

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലപ്പുറം കതിരവഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലപ്പുറം കതിരവഴി പാലത്തിന് GO(Rt) No.1930/2015/ PWD തീയതി 22.12.2015 (SL No.91) പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്ക് 252/CE/R/2016-17 തീയതി 19.10.2016 പ്രകാരം 1.80ലക്ഷത്തിന് പാർട്ട് ടെക്നിക്കൽ സാങ്ഷൻ നൽകുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ച് ഡിസൈൻ ലഭ്യമായിട്ടുമുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പാലത്തിന്റെ ഇരുവശങ്ങളി ലുമായി ഏകദേശം 280മീറ്റർ നീളത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം ആവശ്യമുണ്ട്. ആയത് സൗജന്യമായി സർക്കാരിലേയ്ക്ക് വിട്ടുതരാമെന്ന് സ്ഥല ഉടമകളും ജനപ്രതിനിധികളും വാക്കാൽ അറിയിച്ചിട്ടുണ്ട്. പാലത്തിന്റെ അനുബന്ധ റോഡിനായി ലഭിക്കേണ്ട സ്ഥലം പി ഡബ്ല്യു ഡി മാർക്ക് ചെയ്ത് നൽകിയിട്ടുണ്ട്. ആയത് സർവ്വേ നടത്തി സർക്കാർ ഭൂമിയിലാക്കുന്നതിനായി ഒറ്റപ്പാലം താലൂക്ക് സർവെയർക്ക് 09.04.2018, 14.05.2018, 22.05.2018 തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും നടപടികളൊന്നും ആയിട്ടില്ല. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി വിട്ടു നൽകുന്ന നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| ബി) | പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ; | ബി) | പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ; | സി) | പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ മാർക്ക് ചെയ്തിട്ടുണ്ട്. ആയത് ഒറ്റപ്പാലം താലൂക്ക് സർവെയർ, സർവേ നടത്തി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചതിനുശേഷം, സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; | ഡി) & ഇ) | പാലത്തിന്റെ അനുബന്ധ റോഡിന്റെ നിർമ്മാണത്തിനായി ഏകദേശം 280 മീറ്റർ നീളത്തിലും 10മീറ്റർ വീതിയിലും സ്ഥലം സ്വകാര്യ വ്യക്തികൾ സൗജന്യമായി സർക്കാരിലേയ്ക്ക് വിട്ടു തരാമെന്ന് വാക്കാൽ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിട്ടു കിട്ടേണ്ട സ്ഥലം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻ സൈറ്റിൽ അടയാളപ്പെടുത്തുകയും ചെയ്തു. ആയത് സർക്കാർ ഭൂമിയാക്കി മാറ്റുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും സർവേ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിന് 09.04.2018, 14.05.2018, 22.05.2018 തീയതികളിൽ പൊതുമരാമത്ത് വകുപ്പ് ഒറ്റപ്പാലം താലൂക്ക് സർവ്വെയർക്ക് കത്തുകൾ നൽകിയിരുന്നുവെങ്കിലും നടപടികൾക്ക് കാലതാമസം നേരിടുന്നുണ്ട്. |
| ഇ) | ഉണ്ടെങ്കിൽ എന്തെല്ലാമെന്നും അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ? | | |

S. Bindu

സെക്ഷൻ ഓഫീസർ